ദിവസങ്ങളിലെടുക്കുന്ന തീരുമാനങ്ങൾ retrospective effect-ൽ പ്രാബല്യത്തിൽ വരുത്താവുന്നതാണ്. അതുകൊണ്ട് ഇത് അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, ചട്ടമാണല്ലോ ഇപ്പോൾ പ്രാബല്യത്തിലുള്ളത്. അതിനനുസരിച്ച് മാറ്റമുണ്ടാക്കണോ ?

മി. സ്പീക്കർ : ഇതിപ്പോൾ ഇവിടെയൊരു ചർച്ചയാക്കണ്ട. ക്രമപ്രശ്നത്തെ സംബന്ധിച്ച് വളരെ വിശദമായും വ്യക്തമായും ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞു. ബഹുമാനപ്പെട്ട മിനിസ്റ്റർ അതിനുള്ള മറുപടിയും പറഞ്ഞു. ഇനി അതിന് ചെയറിന്റെ റൂളിംഗ് ആണ് ആവശ്യം. പ്രസ്തുത ചട്ടങ്ങൾക്ക് നിലനില്പില്ല എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്.

റൂളിംഗ്

മി. സ്പീക്കർ : 2015-ലെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ സർക്കാരിന് അധികാരമില്ലായെന്നതാണ് ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നത്തിൽ ആദ്യം സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഓർഡിനൻസ് ജൂലൈ 19-ാം തീയതി ലാപ്സ് ആയതിനാൽ പ്രസ്തുത ചട്ടങ്ങൾക്ക് നിലനില്പില്ലായെന്നാണ് അദ്ദേഹം രണ്ടാമതായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഭരണ ഘടനയുടെ അനുച്ഛേദം 213 (2) പ്രകാരം ഗവർണ്ണർ പുറപ്പെടുവിച്ച ഒരു ഓർഡിനൻസിന് നിയമസഭ പാസ്സാക്കിയ ഒരു ആക്ടിനുള്ള പ്രാബല്യവും പ്രഭാവവുമുണ്ട്. 2015 ജനുവരി 9-ാം തീയതി പുറപ്പെടുവിച്ച 'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസി'ന് നിയമസഭ ആരംഭിച്ച ജൂൺ 8 മുതൽ 6 ആഴ്ചത്തേയ്ക്ക് പ്രാബല്യവും പ്രഭാവവുമുണ്ട്. പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം നൽകിയിരിക്കുന്നത് 2014 മാർച്ച് ഒന്നു മുതലാണ്. Interpretation and General Clauses Act 2 (3) വകുപ്പനുസരിച്ച് ആക്ട് എന്ന നിർവ്വചനത്തിൽ ഓർഡിനൻസുകൂടി ഉൾപ്പെടുന്നുണ്ട്. ആയതിനാൽ ഓർഡിനൻസിന് കീഴിൽ ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല. ഓർഡിനൻസ് ജൂലൈ 19-ാം തീയതി ലാപ്സായ സാഹചര്യത്തിൽ അതിനുകീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾക്കും പ്രസ്തുത ദിവസം വരെ മാത്രമേ പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. ഓർഡിനൻസിനുപകരം ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ബില്ലിൽ, ഓർഡിനൻസ് പ്രാബല്യത്തിൽ ഇല്ലാതായതിനു ശേഷവും ആക്ട് പ്രാബല്യത്തിൽ വരുന്നതുവരെയും എടുത്ത കാര്യങ്ങൾക്കോ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾക്കോ പ്രാബല്യം നൽകുന്നതിനായി ബില്ലിലെ 19-ാം ഖണ്ഡത്തിന് പകരമായി ഒരു സാധൂകരണ വ്യവസ്ഥ കൂടി (validation clause) ഉൾപ്പെടുത്തി ബിൽ പാസ്സാക്കി എടുക്കാവുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും നിയമസഭയിൽത്തന്നെ പലപ്പോഴും ഇപ്രകാരം സാധൂകരണ വ്യവസ്ഥകൂടി ഉൾപ്പെടുത്തി ബിൽ പാസ്സാക്കിയിട്ടുള്ളതിനാലും ഇക്കാര്യത്തിൽ ക്രമവിരുദ്ധമായി യാതൊന്നുമില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ഈ ഓർഡിനൻസിൽ ക്രമവിരുദ്ധമായ ഒരു കാര്യം നടന്നിട്ടുണ്ട്. ഈ ഓർഡിനൻസ് അനുസരിച്ച് ഇതിൽ പറയുന്ന പ്രകാരമുള്ള റിക്രൂട്ട്മെന്റ് ബോർഡിനെ കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുമ്പോൾ ഒരാൾ വനിതയായിരിക്കണമെന്നും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളായിരിക്കണമെന്നുമാണ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്യുന്നത്. ആ ഓർഡിനൻസ് പ്രകാരം കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുന്ന ബോർഡിനകത്ത് രണ്ടുപേർക്കുപകരം പട്ടികജാതിയിലുള്ള ഒരു വനിതയെ വച്ചുകൊണ്ട് ഓർഡിനൻസിന് വിരുദ്ധമായി ഒരു ബോർഡ് രൂപീകരിക്കുന്നത് ക്രമപ്രകാരമാണോയെന്ന് അങ്ങ് ആലോചിക്കണം.

മി. സ്പീക്കർ : ഇപ്പോൾ ഇത് ക്രമപ്രശ്നമായി കൊണ്ടുവരുന്നത് ശരിയല്ല. ബിൽ 30-ാം തീയതി നിയമസഭയിൽ വരുമ്പോൾ അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് പറയാവുന്നതാണ്.

VIII ധനകാര്യം

2015-2016 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി.സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിക്ക് വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2015-16 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ